പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 11 | 26 . 09. 2011-ൽ മറുപടിയ്ക്ക്

വിരമിക്കൽ തീയതി ഏകീകരണം സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
| (എ) | സർക്കാർ സർവ്വീസിൽ വിരമിക്കൽ തീയതി ഏകീകരിച്ചതുമൂലം ജീവനക്കാർക്കിടയിലും പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിനിടയിലും ഒരു പോലെ സംജാതമായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടി സർക്കാർ പുനഃപരിശോധിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) +<br>(സി) | സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരിച്ചതുമൂലമുണ്ടായ പ്രശ്നങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ധനകാര്യ-നിയമ-ഭവനനിർമ്മാണ വകുപ്പു മന്ത്രി, വ്യവസായ-വിവര സാങ്കേതിക വിദ്യ-നഗരകാര്യ വകുപ്പ് മന്ത്രി, ഊർജ്ജ വകുപ്പു മന്ത്രി,ഭക്ഷ്യ-പൊതുവിതരണ രജിസ്ട്രേഷൻ വകുപ്പു മന്ത്രി എന്നിവരുൾപ്പെടുന്ന ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ടി. ഉപസമിതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ് |
| (സി) | ഇൻഡ്യയിലെ ഒട്ടു മിക്ക സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലും പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | | |
| (ഡി) | ഇതു സംബന്ധമായി സർവ്വീസ് സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ; | (ഡി) | സർവ്വീസ് സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത ചർച്ചയിൽ എത്ര സംഘടനാ പ്രതിനിധികൾ പങ്കെടുത്തു; ഏതെങ്കിലും സംഘടന പെൻഷൻ പ്രായം ഉയർത്തുന്ന നടപടിക്ക് വിയോജിപ്പ് പ്രകടിപ്പിക്കുകയുണ്ടായോ; | (ഇ) + (എഫ്) | പ്രസ്തുത ചർച്ചയിൽ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് 64 (അറുപത്തി നാല് ) പ്രതിനിധികൾ പങ്കെടുത്തു. ഒരു സംഘടനയും പെൻഷൻ പ്രായം ഉയർത്തുന്ന നടപടിക്ക് വിയോജിപ്പ് പ്രകടിപ്പിക്കുകയുണ്ടായില്ല |
| (എഫ്) | എങ്കിൽ ഏതൊക്കെ സംഘടനകളാണ് വിയോജിപ്പ് പ്രകടിപ്പിച്ചത്? | | |

സെക്ഷൻ ഓഫീസർ